ദി ട്രാവൻകൂർ ഫാഴ്സ്റ്റ് ഇൻഡസ്ട്രീസ്

*വ്യ ഫ. (൪൯) ശ്രീമതി ദേവകീ ഗോപിദാസ്: താഴെ പറയുന്ന ചോദ്യത്തിന ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ദി ട്രാവൻകൂർ ഫാഴ്സ്റ്റ് ഇൻഡസ്ട്രീസിനു തടി വെട്ടുന്നതിനു കുറെ എക്കർ സ്ഥലങ്ങൾ വിട്ടുകൊടുത്തിരുന്നതിൽ തടി വെട്ടിയതിനുശേഷം തേക്കിൻ തൈകൾ വെച്ചു പിടിപ്പിച്ചുതരണമെന്ന കരാർ ഉണ്ടായിരുന്നോ;

(ബി) ആ കരാർ അനുസരിച്ചു് അവർ തടിവെട്ടി നശിപ്പിച്ച സ്ഥലത്തു് മുഴുവൻ തേക്കിൻതൈകൾ വെച്ചുപിടിപ്പിച്ചു തന്നിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

തിരുവനന്തപുരം വിമൻസ് കോളേജ്

*വ്യ൨൨. (൪൪) ശ്രീമതി ദേവകീ ഗോപിദാസ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമൊ.—

തിരുവനന്തപുരത്തെ വിമൻസ് കോളേജ് ഒരു ഒന്നാം ഗ്രേഡ് കോളേജായി ഇക്കൊല്ലം (ഫൻ൫ ൦-ൽ) ഉയർത്തുന്നുണ്ടൊ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ കാര്യം ഗവൺമെണ്ടിന്റെ പരിഗണനയിൽ ഇരിക്കയാണു്.

ചേർത്തലയിലെ തൊഴിലില്ലായ്മ

*വ്യ൨൩. (൪൫) ശ്രീമതി ദേവകീ ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസതൊഴിൽവകുപ്പുമന്ത്രി സദയം മറുപടി പറയുമൊ.—

(എ) ചേർത്തല താലൂക്കിലെ തൊഴിലില്ലായ്മയ്ക്കു് എന്തെങ്കിലും പരിഹാരം ഉണ്ടാക്കുവാൻ ഗവൺമെണ്ടു് ആലോചിക്കുന്നുണ്ടോ?

(ബി) ചേർത്തല ഇപ്പോൾ എത്ര വ്യവസായശാലകൾ തൊഴിലില്ലാതെ അടച്ചിരിക്കുന്നുവെന്നു് പറയുവാൻ ഭയമുണ്ടാകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: (എ) ഉണ്ടു്.

(ബി) കഴിഞ്ഞ മൂന്നു വർഷത്തെ കണക്കെടുക്കുകയാണെങ്കിൽ ആകെ ൪൪ വ്യവസായശാലകൾ അടച്ചുപൂട്ടിയിട്ടുണ്ടു്.

*വ്യ ഫ൪. (൪൬) ശ്രീമതി ദേവകീ ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

ഫൻ൫ ൦-ൽ ചേർത്തല താലൂക്കിൽ വീടില്ലാത്തവരിൽ എത്രപേർക്കു് വീടുണ്ടാക്കുവാൻ ഗവൺമെണ്ടു് വിചാരിക്കുന്നു?

പ്രധാനമന്ത്രി ശ്രീ. ടി. കെ. നാരായണപിള്ള: അടുത്ത കൊല്ലത്തിൽ നടത്താനുദ്ദേശിക്കുന്ന ഭവനനിർമ്മാണപദ്ധതിയിൽ ചേർത്തല താലൂക്കു് ഉൾപ്പെടുത്തണമെന്നുദ്ദേശിക്കുന്നു. എത്ര വീടുകൾ ചേർത്തല താലൂക്കിൽ കെട്ടുവാൻ സാധിക്കുമെന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

PROMOTIONS OF CLERKS IN THE UNIVERSITY

*815. [47] **Sri. Kannara Gopala Panicker:** Will the Hon'ble Minister for Education be pleased to state:—

(*a*) whether on the basis of a complaint from a clerk in the University, Government directed the Registrar in April last year to revise certain promotions of clerks made contrary to the rules in force;

(*b*) whether the said orders have been implemented; and if not why;

(*c*) whether it is a fact that the University delayed the implementation of the orders purposely till the end of 1949; and

LIBRARY ARCHIVES Kerala Legislative Assembly